13. വില്ലേജ് റോഡ് മെയിന്റനൻസ് പ്രോഗ്രാം.

14. അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതി.

ഈ പദ്ധതികൾക്കായി ആകെ 1,18,632.91 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) സംസ്ഥാനത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതാണ്.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ

22(1496) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം നാളിതുവരെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്നും, ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയതെന്നും ഓരോ പദ്ധതി നടത്തിപ്പിനും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഗ്രാമവികസനവകുപ്പ് മുഖേന ദുർബല വിഭാഗങ്ങൾക്ക് എത്ര ധനസഹായം നൽകുകയുണ്ടായെന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചെന്നും വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിൽ പ്രസ്തുത വകുപ്പ് മുഖേന എത്ര സാനിട്ടറി കക്കൂസുകൾ ലഭ്യമാക്കിയിട്ടുണെന്നും ഇതിനായി ആകെ എത്ര തുക ചെലവഴിക്കുക ഉണ്ടായെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

ജില്ലാ ഗ്രാമവികസന ഏജൻസികളുടെ പ്രവർത്തനം

23(1497) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ഗ്രാമവികസന ഏജൻസികളെ ജില്ലാ പഞ്ചായത്തുകളുടെ പൂർണ്ണ നിയന്ത്രണത്തിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജില്ലാ ഗ്രാമവികസന ഏജൻസികളുടെ മോണിറ്ററിംഗ് സംവിധാനം ശരിയായ നിലയിൽ പ്രവർത്തിക്കുന്നുണ്ടോ;

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുവേണ്ടി രൂപീകരിച്ച ഔദ്യോഗിക ജനകീയസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ലാ ഗ്രാമവികസന ഏജൻസികളുടെ ഭാവി സംബന്ധിച്ച കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി, സി) കേന്ദ്രാവിഷ്കൃത ഗ്രാമവികസന പരിപാടികളുടെ മോണിറ്ററിംഗിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഈ കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗം

24(1498) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നാലു വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയ പദ്ധതി തുകയുടെ വിശദവിവരങ്ങൾ വർഷാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ബി) പദ്ധതി തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദമായ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ)

വർഷം	ബഡ്ജറ്റ് വിഹിതം	വിതരണംചെയ്ത തുക (ലക്ഷത്തിൽ)
2001-02	12326.00	8595.19
2002-03	17924.09	13493.07
2003-04	17890.30	14908.42 + 287 + 3298

2003-2004 സാമ്പത്തിക വർഷത്തിൽ കൂടുതലായി അനുവദിച്ച 287 ലക്ഷം രൂപയും 2002-2003 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നൽകാനുണ്ടായിരുന്ന അവസാന ഗഡുവായ 3298 ലക്ഷം രൂപയം അധികമായി വിതരണം ചെയ്തിട്ടുണ്ട്.

വർഷം	ബഡ്ജറ്റ് വിഹിതം	വിതരണംചെയ്ത തുക *(ലക്ഷത്തിൽ)*
2004-05	15801.14	15800.85
2005-06	19174.80	12932.3 (1/06 വരെ)

LIBRARY ARCHIVES Kerala Legislative Assembly